**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2190** **14-10-2024 - ൽ മറുപടിയ്ക്ക്**

**ആയുഷ് വകുപ്പിലെ പ്രൊമോഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളിൽ വകുപ്പ്തല പരീക്ഷ നിർബന്ധമാക്കിയിട്ടുള്ള തസ്തികകളിലേയ്ക്ക് പ്രൊമോഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 10/03/2014 ലെ 524/R1/2014/P&ARD നമ്പർ സർക്കുലർ പ്രകാരം ആയുഷ് വകുപ്പിന് കീഴിലെ വിവിധ വകുപ്പുകളിൽ ടി സർക്കുലറിലെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട വകുപ്പ് തല പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച തീയതിയുടെ അടിസ്ഥാനത്തിൽ എത്രപേർക്ക് പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ; അതാത് വകുപ്പ് തിരിച്ച് , തസ്തിക തിരിച്ച് എണ്ണം ലഭ്യമാക്കുമോ ; | (എ) | ആയുഷ് വകുപ്പിനു കീഴിൽ ഭാരതീയ ചികിത്സാ വകുപ്പിൽ വകുപ്പുതല പരീക്ഷ (Account Test - Lower) നിർബന്ധമാക്കിയിട്ടുള്ള സീനിയർ ക്ലർക്ക് തസ്തികയിലേക്ക് 10/03/2014-ലെ 524/R1/2014/P&ARD നമ്പർ സർക്കുലർ പ്രകാരം വകുപ്പുതല പരീക്ഷയുടെ റിസർട്ട് പ്രസിദ്ധപ്പെടുത്തിയ തീയതിയുടെ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരിക്ക് പ്രൊമോഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>ഹോമിയോപ്പതി വകുപ്പിലും, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും, ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലും വകുപ്പ്തല പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ച തീയതിയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ അനുവദിച്ചിട്ടില്ല. |
| (ബി) | ആയുഷ് വകുപ്പിന് കീഴിലെ വിവിധ വകുപ്പുകളിൽ പ്രസ്തുത സർക്കുലറിലെ വകുപ്പ്തല പരീക്ഷ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടാതെ പ്രൊമോഷനുകൾ  അനുവദിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം എന്ത് നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാരതീയ ചികിത്സാവകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ അവസരത്തിൽ 10/03/2014-ലെ 524/R1/2014/P&ARD നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കപ്പെടാതെ പ്രൊമോഷൻ അനുവദിച്ചതായി സൂചിപ്പിച്ചുകൊണ്ട് പരാതി ലഭിച്ചിരുന്നു. ടി പരാതി പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പുനഃക്രമീകരിച്ചു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഹോമിയോപ്പതി വകുപ്പിൽ 14/09/2001ൽ സീനിയർ ക്ലർക്ക് തസ്തികയിൽ അനുവദിക്കപ്പെട്ട ഒരു പ്രൊമോഷൻ 10/03/2014-ലെ 524/R1/2014/P&ARD നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ അനുസരിച്ച് ക്രമപ്രകാരമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് റദ്ദ് ചെയ്ത് അപാകതകൾ പരിഹരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ